## SECTION A

**Q1.** ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) " 'അനുനാസികാതിപ്രസരം' മലയാളഭാഷയിൽ സംഭവിച്ച ചരിത്രപരമായ ആഭ്യന്തര പരിണാമമാണ് " എന്ന നിരീക്ഷണത്തെ വിമർശാത്മകമായി വിലയിരുത്തുക. *10*

(b) മലയാളഭാഷയുടെ രൂപീകരണത്തെ സംബന്ധിച്ച 'പൂർവ്വതമിഴ് മലയാളവാദം' എന്തെന്ന് വിശദമാക്കുക. *10*

(c) ലീലാതിലകത്തിലെ മണിപ്രവാള ചർച്ചയിൽ നിന്നും ലഭ്യമാകുന്ന മലയാളഭാഷയെ സംബന്ധിച്ച നിരീക്ഷണങ്ങൾ എന്തെല്ലാം ? *10*

(d) മാപ്പിളപ്പാട്ടുകളുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക. *10*

(e) നവമാധ്യമങ്ങൾ സമകാലമലയാളത്തിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ സ്വഭാവം നിർണ്ണയിക്കുക. *10*

**Q2.** (a) "താലവ്യാദേശത്തിന് മലയാളഭാഷയുടെ ഉത്പത്തിചിന്തയിൽ ഭാഗികപ്രസക്തിയേ കല്പിയ്ക്കാനാവൂ" എന്ന നിരീക്ഷണത്തിന്റെ ഔചിത്യമെന്ത് ? *20*

(b) രാമചരിതത്തിൽനിന്ന് കൃഷ്ണഗാഥയിലെത്തുമ്പോൾ മലയാളഭാഷയ്ക്കു സംഭവിച്ച വികാസപരിണാമങ്ങൾ എന്തെല്ലാം ? *15*

(c) പാട്ടുകാവ്യങ്ങളുടെ ഭാഷാപരമായ സവിശേഷതകളെ കുറിച്ചുള്ള ലീലാതിലകത്തിലെ ശ്രദ്ധേയങ്ങളായ നിരീക്ഷണങ്ങൾ ചൂണ്ടിക്കാട്ടുക. *15*

**Q3.** (a) പ്രാചീന ചമ്പുക്കളിലെ ഭാഷാപരമായ സവിശേഷതകൾ സോദാഹരണം വിശദമാക്കുക. *20*

(b) വടക്കൻപാട്ടുകളെ മുൻനിർത്തി ഉത്തരകേരളത്തിലെ ഭാഷാസവിശേഷതകൾ വിവരിക്കുക. *15*

(c) ഭാഷാകൗടലീയത്തിൽനിന്ന് ആദ്യകാലമലയാളത്തെ കുറിച്ച് ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാം ? *15*

**Q4.** (a) തുള്ളൽകാവ്യങ്ങളിലെ നാട്ടുമൊഴികളെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക. *20*

(b) ബഞ്ചമിൻ ബയ്‌ലി, ഹെർമൻ ഗുണ്ടർട്ട്, ജോർജ് മാത്തൻ, ഫ്രോൺമെയർ എന്നിവർ മലയാളഭാഷയ്ക്കു നൽകിയ സംഭാവനകളെക്കുറിച്ച് വിശദമാക്കുക. *15*

(c) ഭരണഭാഷ എന്ന നിലയിൽ മലയാളം നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെ ? *15*

## SECTION B

**Q5.** **ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) അഭിനയസാഹിത്യം എന്ന നിലയിൽ ആട്ടക്കഥാസാഹിത്യത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക. *10*

(b) മഹാകാവ്യലക്ഷണം ഉദ്ധരിച്ചു് മഹാകാവ്യപ്രസ്ഥാനത്തെ പരിചയപ്പെടുത്തുക. *10*

(c) 'മുക്തകം' എന്നാൽ എന്തു് ? ഒരു മുക്തകം ഉദ്ധരിച്ചു് സവിശേഷതകൾ വിവരിക്കുക. *10*

(d) മലയാളത്തിലെ 'പ്രഹസന'ശാഖയ്ക്കു് സി.വി. രാമൻപിള്ള നൽകിയ സംഭാവന വിലയിരുത്തുക. *10*

(e) ആദ്യകാല മലയാള ചെറുകഥയുടെ പ്രമേയപരവും പ്രതിപാദനപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുക. *10*

**Q6.** (a) മലയാള സാഹിത്യചരിത്രത്തിൽ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ സംഭാവനയെത്രത്തോളമെന്നു് വിശദമാക്കുക. *20*

(b) സന്ദേശകാവ്യങ്ങളുടെ ചരിത്രപരവും ദേശപരവുമായ പ്രാധാന്യത്തെക്കുറിച്ച് ഉപവാദിക്കുക. *15*

(c) നാടോടിഗാനസാഹിത്യത്തിൽ തോററംപാട്ടുകളുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്നു് സ്പഷ്ടമാക്കുക. *15*

**Q7.** (a) ദേശീയപ്രസ്ഥാനവും നവോത്ഥാനദർശനങ്ങളും കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ കവികളുടെ രചനകളെ എത്രത്തോളം സ്വധീനിച്ചിട്ടുണ്ടു് ? ചർച്ച ചെയ്യുക. *20*

(b) മലയാള കവിതയിൽ ആധുനികതാവാദത്തിന്റെ സവിശേഷതകൾ പ്രകടമായത് എങ്ങനെയൊക്കെ ? വ്യക്തമാക്കുക. *15*

(c) 'പച്ചമലയാളപ്രസ്ഥാനം' മലയാളകാവ്യചരിത്രത്തിൽ വരുത്തിയ പരിണാമത്തെക്കുറിച്ചു് ലഘുവിവരണം തയ്യാറാക്കുക. *15*

Q8. (a) തകഴി, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവരുടെ രചനകളെ മുൻനിർത്തി മലയാളത്തിലെ രാഷ്ട്രീയ നോവലുകളുടെ പ്രത്യേകതകൾ വിവരിക്കുക. *20*

(b) സി.എൻ. ശ്രീകണ്ഠൻ നായരുടെ 'രാമായണനാടകത്രയം' മലയാള നാടകസാഹിത്യത്തിലും നാടകവേദിയിലും കൊണ്ടുവന്ന പുതുമയെന്ത് ? *15*

(c) മലയാളത്തിലെ ആധുനിക സാഹിത്യനിരൂപണം സൈദ്ധാന്തികമാകുന്നുണ്ടോ ? ദളിത്, സ്ത്രീ, പരിസ്ഥിതി സിദ്ധാന്തങ്ങളുടെ സ്വാധീനം അതിൽ എത്രത്തോളമുണ്ടെന്നു് വിശദമാക്കുക. *15*